സംസ്ഥാന തലത്തിൽ ആയുർവ്വേദ കാര്യങ്ങളിൽ സർക്കാരിനെ ഉപദേശിക്കുവാൻ ഒരു അഡ്വൈസറി കമ്മറ്റിയും ഒരു സിദ്ധ വൈദ്യ അഡ്വൈസറി കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

(സി) കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ച പദ്ധതികൾക്ക് സംസ്ഥാന ഗവൺമെന്റിന് സഹായം ലഭിക്കുന്നുണ്ട്.

ഹരിപ്പാട് ഗവൺമെന്റ് ആശുപത്രിയോടനുബന്ധിച്ച് കാർട്ടേഴ്സ് പണിയുവാൻ നടപടി

767 [1134] ശ്രീ. ജി. പി. മംഗലത്തുമഠം: താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുജനാരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് ഗവൺമെന്റ് ആശുപത്രി ഗ്രൗണ്ടിൽ കാർട്ടേഴ്സ് നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥല സൗകര്യമുള്ളതിനാൽ മെഡിക്കലാഫീസർക്കും നഴ്സുമാർക്കുംവേണ്ടി കാർട്ടേഴ്സ് പണിയുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതു വർഷം പണി ആരംഭിക്കുമെന്ന് പറയാമോ?

ഉത്തരം

(എ) ഹരിപ്പാട് എന്നല്ല, എല്ലാ താലൂക്ക് ആശുപത്രികളിലും ആർ. എം. ഒ.-ക്ക് താമസിക്കാൻ ഒരു കെട്ടിടം നിർമ്മിക്കുവാൻ 1977-78 ൽ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ 1978-79 ലെ ബഡ്ജറ്റിൽ തുകയില്ലാതിരുന്നതിനാൽ നിർമ്മാണജോലി ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. മറ്റു ജീവനക്കാർക്ക് ഉടനടി താമസസൗകര്യം ഉണ്ടാക്കുന്നതിന് തൽക്കാലം പദ്ധതിയൊന്നും ആവിഷ്കരിച്ചിട്ടില്ല.

(ബി) ബഡ്ജറ്റിൽ വക കൊള്ളിക്കുന്ന മുറയ്ക്കു നിർമ്മാണ ജോലികൾ ആരംഭിക്കുന്നതാണ്.

ലേഡീ ഡോക്ടറെ നിയമിക്കാൻ നടപടി

768 [1136] ശ്രീ. ടി. കെ. അബ്ദു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുത്തൻ വേലിക്കര പഞ്ചായത്തിലെ ഗവൺമെന്റ് ആശുപത്രിയിൽ ഒരു ലേഡീ ഡോക്ടറെ ഇതുവരെയായും നിയമിക്കാത്തത് എന്തുകൊണ്ടാണ്;

(ബി) ഈ ആശുപത്രിയിൽ ഒരു ലേഡി ഡോക്ടറെ നിയമിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത ആശുപത്രിയിൽ ലേഡീ ഡോക്ടർക്കു താമസിക്കുവാൻ കാർട്ടേഴ്സ് ഇല്ലെന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ? കാർട്ടേഴ്സിനാവശ്യമായ സ്ഥലം നാട്ടുകാർ എടുത്തു തന്നാൽ ഒരു കാർട്ടേഴ്സ് പണിയുവാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ ആശുപത്രിയിൽ ഒരു ഡോക്ടറുടെ തസ്തിക മാത്രമേ ഇപ്പോഴുള്ളു. അത്തരം സ്ഥാപനങ്ങളിൽ സാധാരണ പുരുഷ ഡോക്ടറെയാണ് നിയമിക്കാറ് പതിവ്.

(ബി) ഉണ്ട്.

(സി) ഉണ്ട്. ഇന്നത്തെ സാമ്പത്തിക നിലയനുസരിച്ച് ഈ ആവശ്യം അനുവദിക്കുവാൻ പ്രയാസമാണ്.

കുഴൽമന്ദം പ്രൈമറി ഹെൽത്ത് സെൻറിന് ക്വാർട്ടേഴ്സ്

769 [1137] ശ്രീ എം. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുഴൽമന്ദം പ്രൈമറി ഹെൽത്ത് സെൻറിന് ക്വാർട്ടേഴ്സ് നിർമ്മിക്കാനുള്ള പണി ആരംഭിച്ചോ;

(ബി) എങ്കിൽ ഇതിനകം എത്ര സംഖ്യ ഇതിനു ചെലവു ചെയ്തു;

(സി) എന്നേയ്ക്കു പണി പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്?

ഉത്തരം

(എ) ഇല്ല.

(ബി,സി) ചോദ്യം ഉദിക്കുന്നില്ല.

പുളിമാത്ത് ആയുർവ്വേദ ആശുപത്രി അപ്ഗ്രേഡ് ചെയ്തു കിട്ടുന്നതിനു നിവേദനം

770 [1138] ശ്രീ. പി. കെ. ചാത്തൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുളിമാത്ത് ആയുർവ്വേദ ആശുപത്രി അപ്ഗ്രേഡ് ചെയ്തു കിട്ടുന്നതിനു ഗവൺമെൻറിന് നിവേദനം കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി എടുത്തു എന്നു പറയുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിവേദനം പരിഗണിക്കുകയും ബഡ്ജറിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ വർഷം ആശുപത്രി അപ്ഗ്രേഡ് ചെയ്യുവാൻ നിർവ്വാഹമില്ലെന്ന് പഞ്ചായത്തിനെ അറിയിക്കുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly